"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ തസ്തികയിലെ ചുമതല ക്രമീകരണം - ശ്രീ.നിബു.ടി.കുര്യൻ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന് അധികച്ചുമതലാബത്ത അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.847/2021/ത.സ്വ.ഭ.വ

തിരുവനന്തപുരം, തീയതി, 08/04/2021.

പരാമർശം:
1) സ.ഉ.(സാധാ)നം.19/2021/തസ്വഭവ തീയതി 04.01.2021.
2) 01.02.2021-ലെ ഗ്രാമവികസന കമ്മീഷണറുടെ 493/എസ്റ്റാ.എ1/2020/സി.ആർ.ഡി നമ്പർ കത്ത്.

ഉത്തരവ്

കോഴിക്കോട് ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറായിരുന്ന ശ്രീ.സിജ്ജു തോമസിന് സ്ഥലംമാറ്റം ലഭിച്ചപ്പോൾ, 27.08.2020 മുതൽ 29.09.2020 വരെ പ്രസ്തുത തസ്തികയുടെ പൂർണ്ണഅധികച്ചുമതല അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ശ്രീ.നിബു.ടി.കുര്യന് നല്കിയ നടപടിക്ക് പരാമർശം (1) പ്രകാരം സാധൂകരണം നല്കിയിരുന്നു. പ്രോജക്ട് ഡയറക്ടറുടെ അധികച്ചുമതല വഹിച്ച 27.08.2020 മുതൽ 29.09.2020 വരെയുള്ള കാലയളവിലേക്ക് ശ്രീ.നിബു.ടി.കുര്യന് അധികച്ചുമതലാബത്ത അനുവദിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറായിരുന്ന ശ്രീ.സിജ്ജു തോമസിന് സ്ഥലംമാറ്റം ലഭിച്ചപ്പോൾ, 27.08.2020 മുതൽ 29.09.2020 വരെ കോഴിക്കോട് ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ പൂർണ്ണ അധികച്ചുമതല വഹിച്ച ശ്രീ.നിബു.ടി.കുര്യന്, കെ.എസ്.ആർ. ഭാഗം-I, ചട്ടം 53 A II (c), 53 (c) എന്നിവ പ്രകാരം, അധിക തസ്തികയുടെ ശമ്പളസ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ, 27.08.2020 മുതൽ 29.09.2020 വരെയുള്ള കാലയളവിലേയ്ക്ക് ചാർജ് അലവൻസ് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നവീൻ കൃഷ്ണൻ ജി.ഐ.**
**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.നിബു.ടി.കുര്യൻ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ. (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ജില്ലാ കളക്ടർ, കോഴിക്കോട്.
ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ